**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5204** **21-03-2025 - ൽ മറുപടിയ്ക്ക്**

**കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സാമ്പത്തിക വർഷം കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് എത്ര രൂപയുടെ കേന്ദ്ര സഹായം ലഭിച്ചുവെന്നുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | **2024-25 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കൃഷി വകുപ്പിന് ലഭിച്ച കേന്ദ്ര വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | ഈ സാമ്പത്തിക വർഷം കാലവർഷക്കെടുതി മൂലം കൃഷിനാശം സംഭവിച്ചതിന്റെ നഷ്ടപരിഹാരത്തുക മുഴുവനും കർഷകർക്ക് കൊടുത്തു തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | കാലവർഷക്കെടുതി മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 2024 ആഗസ്റ്റ് മാസം വരെയുള്ള കൃഷിനാശത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നഷ്ടപരിഹാര തുകയായി 2,95,93,842/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 26/04/2024 വരെയുള്ള വിള ഇൻഷുറൻസ് തുക 33,07,97,051/- രൂപ കാലവർഷക്കെടുതി മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഈ സാമ്പത്തിക വർഷം വരൾച്ചാ കെടുതി മൂലം കർഷകർക്ക് ഉണ്ടായ നഷ്ടം നികത്തുവാൻ എത്ര തുക സാമ്പത്തിക സഹായം നൽകിയെന്ന് വിശദമാക്കാമോ; | (സി) | ഈ സാമ്പത്തിക വർഷം വരൾച്ചാ കെടുതി മൂലം കർഷകർക്ക് ഉണ്ടായ നഷ്ടം നികത്തുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4,33,59,005 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ വരൾച്ച മൂലം കൃഷി നശിച്ച ഇടുക്കിയിലെ ഏലം കർഷകർക്ക് പത്തു കോടി രൂപ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ കർഷക കടാശ്വാസ കമ്മീഷൻ മുഖേന കർഷകരുടെ എത്ര പരാതികൾക്ക് തീർപ്പ് കൽപ്പിച്ച എന്ന കണക്കുകൾ ലഭ്യമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 79215 പരാതികൾക്ക് തീർപ്പ് കല്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **പദ്ധതി** | **2024-25 (ലക്ഷം രൂപ)** |
| --- | --- |
| മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്‌മെന്റ് ഓഫ് ഹോർട്ടികൾച്ചർ | 2500 |
| രാഷ്ട്രീയ കൃഷി വികാസ് യോജന - ഡിപിആർ ഘടകം | 1918 |
| സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ | 825 |
| സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ | 3448 |
| പി കെ വി വൈ - ഭാരതീയ പ്രകൃതി കൃഷി പദ്ധതി | 392 |
| റെയിൻഫെഡ് ഏരിയ ഡെവലപ്‌മെന്റ് സ്കീം | 188 |
| ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ | 41 |
| സോയിൽ ഹെൽത്ത് കാർഡ് സ്കീം | 236 |
| സബ്മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി | 31 |
| പെർ ഡ്രോപ്പ് മോർ ക്രോപ് സ്കീം | 302 |
| നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് | 424 |
| ഡിജിറ്റൽ ക്രോപ് സർവ്വേ | 258 |
| **ആകെ തുക** | **10563** |

**സെക്ഷൻ ഓഫീസർ**